**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **02-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും പദ്ധതികളെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വൃദ്ധസദനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വൃദ്ധസദനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- I**

## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ

### 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്

1. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (എച്ച് എം ഡി സി) എന്ന സ്ഥാപനത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്(HLFPPT) മുഖേന നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാനസിക വെല്ലുവിളി നേരിടുന്നപുരുഷൻമാരുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ എന്ന സ്ഥാപനത്തെ നവീകരിക്കുന്ന പ്രവർത്തനങ്ങൾ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. അതിലേയ്ക്കായി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

2. സർക്കാർ വൃദ്ധ സദനങ്ങളെ കൂടുതൽ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി മലപ്പുറം, കണ്ണൂർ, കൊല്ലം ജില്ലകളിലെ വൃദ്ധ സദനങ്ങളിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് ( HLFPPT) മുഖേന മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കിയ പദ്ധതിയാണ് സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി. നിലവിൽ ടി പദ്ധതി കണ്ണൂർ, മലപ്പുറം ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഈ നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാകുന്നതാണ്. താമസക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടി ജീവനക്കാരെ നിയമിക്കുന്നതിന് AVYAY പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപനങ്ങളിൽ മൾട്ടി ടാസ്കിംഗ് കെയർ പ്രോവൈഡർ, നഴ്സ്, സോഷ്യൽ വർക്കർ എന്നി തസ്തികയിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. ട്രാൻസിറ്റ് ഹോം - ശിക്ഷാകാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവർക്കും മറ്റ് വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ

പൗരൻമാർക്കും താത്കാലികമായി താമസിക്കുവാനുള്ള സാകര്യത്തിനായാണ് കൊല്ലം ജില്ലയിൽ കൊട്ടിയത്ത് ട്രാൻസിറ്റ് ഹോം ആരംഭിച്ചിട്ടുള്ളത് (നിലവിൽ പുരുഷന്മാർക്ക് മാത്രം).. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ടാൻസിറ്റ് ഹോമിന് ഒരു സ്ഥിരം കെട്ടിട സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സംസ്ഥാനത്ത് താൽക്കാലികമായി എങ്കിലും വനിതാ ട്രാൻസിറ്റ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**അനുബന്ധം- II**

## 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്

വയോജനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന ലഭ്യമാക്കുന്ന വയോമധുരം, മന്ദഹാസം തുടങ്ങിയ പദ്ധതികളിൽ സ്ഥാപനങ്ങളിലെ അന്തേവാസികളെയും ഉൾപ്പെടുത്തി വരുന്നുണ്ട്. കൂടാതെ താമസക്കാർക്ക് ആവശ്യമായ ആരോഗ്യ സുരക്ഷ ഇടപെടലുകൾ, വിനോദപരിപാടികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ച വരുന്നു.

## 2. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

വൃദ്ധസദനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റേയും, തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും സ്നേഹം പാലിയേറ്റിവ് കെയറിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ രോഗികളല്ലാത്ത വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സാഫല്യം എന്ന പേരിൽ ആധുനിക സജ്ജികരണങ്ങളോടു കൂടിയ ഒരു പരിചരണ കേന്ദ്രം പാറശ്ശാലയിലെ കൊറ്റാമത്ത് പ്രവർത്തിച്ച വരുന്നു. ഇവിടെ സ്ത്രീകളും പുരുഷൻമാരും അടക്കം 40 പേരെ സംരക്ഷിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കിയിട്ടുണ്ട്. നിലവിൽ 18 പുരുഷൻമാരും 4 സ്ത്രീകളും ഇവിടത്തെ അന്തേവാസികളാണ്.

## 3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് – നിഷ്

തിരുവനന്തപുരം ജില്ലയിൽ പുലയനാർക്കോട്ടയിൽ പ്രവർത്തിക്കുന്ന ഓൾഡ് ഏജ് ഹോമിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തോളമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് മുഖാന്തിരം ഒക്യുപ്പേഷണൽ തെറാപ്പി സേവനം ചെയ്ത് വരുന്നു. "വയോജനങ്ങൾക്കുള്ള ഗാർഹിക ആരോഗ്യ പരിപാലന സേവനം" എന്ന പദ്ധതിയുമായി

ബന്ധപ്പെട്ട് വയോജനങ്ങൾക്കു ആവശ്യമായ കൗൺസിലിംഗ്, തെറാപ്യൂട്ടിക് സേവനങ്ങൾ എന്നിവ ഓൺലൈനായി നടത്തുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നുമുണ്ട്.